**പതിനാലാം കേരള നിയമസഭ**
**പത്തൊൻപതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത** **02.03.2020 ൽ**
**നിയമസഭാ ചോദ്യം നമ്പർ : 105** **മറുപടിക്ക്**

## ഡി.ജി.പി.ക്കും മറ്റ് ഉദ്യോഗസ്ഥർക്കും വില്ല നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.കെ. ബഷീർ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) സംസ്ഥാനത്ത് എം.ഒ.പി.എഫ്. പദ്ധതിയിൽ പോലീസിലെ താഴ്ന്ന വിഭാഗം ഉദ്യോഗസ്ഥർക്കുവേണ്ടി (സി.പി.ഒ., സീനിയർ സി.പി.., എസ്. ഐ, അഡീഷണൽ എസ് .ഐ.) പാർപ്പിട നിർമാണത്തിനും പാർപ്പിടേതര നിർമ്മാണത്തിനും അനുവദിച്ച തുക വകമാറ്റി ഡി.ജി.പി.ക്കും മറ്റ് ഉദ്യോഗസ്ഥർക്കും വില്ലകൾ നിർമ്മിക്കുന്നതിന് ഉപയോഗിച്ചിട്ടുണ്ടോ; ഏത് തീരുമാനപ്രകാരമാണ് ഇത്തരത്തിൽ വകമാറ്റിയത്; വിശദാംശം നൽകുമോ; | എ) MoPF പദ്ധതിയിൽ 2013-2014 (പ്ലാൻ-സംസ്ഥാന വിഹിതം) ൽ അപ്പർ സബോർഡിനേറ്റ് ക്വാർട്ടേഴ്സുകളുടെ നിർമ്മാണത്തിനായി അനുവദിച്ച തുക കൂടി വിനിയോഗിച്ച് ഡി.ജി.പി യുടെ ക്യാമ്പ് ഓഫീസും, റസിഡൻസും, സീനിയർ പോലീസ് ഓഫീസർമാർക്കുള്ള മൂന്ന് ക്വാർട്ടേഴ്സുകളും നിർമ്മിച്ചിട്ടുണ്ട്. |
| ബി) നിർമ്മാണ പ്രവൃത്തികൾക്കായി പ്രസ്തുത ഫണ്ട് ആർക്കാണ് കൈമാറിയിരുന്നത്; | ബി) കൈമാറിയിട്ടില്ല. |
| സി) എങ്കിൽ എത്ര തുക ഇത്തരത്തിൽ വകമാറ്റി വില്ലകൾ നിർമ്മിച്ചിട്ടുണ്ട്; വിശദാംശം വെളിപ്പെടുത്തുമോ; | സി) മേൽ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 3,64,40,886/- രൂപ MoPF പദ്ധതിയിൽ 2013-2014 (പ്ലാൻ-സംസ്ഥാന വിഹിതം) പദ്ധതിയുടെ കീഴിൽ നൽകിയിട്ടുണ്ട്. |

| | |
|---|---|
| ഡി) ഇത്തരത്തിൽ വകമാറ്റുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;<br>ഇ) ഇല്ലെങ്കിൽ എം.ഒ.പി.എഫ്-ന്റെ നിബന്ധനകൾക്ക് വിരുദ്ധമായി തുക വകമാറ്റി ചെലവഴിച്ചതായി കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികളാണ് സർക്കാർ തലത്തിൽ ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ചിട്ടുള്ളത്; വിശദാംശം വെളിപ്പെടുത്തുമോ? | ഡി)യും ഇ)യും പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ